## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6211 08-07-2014-ൽ മറുപടിയ്ക്ക്

## സൂപ്പർന്യൂമററി തസ്തികയിൽ ആശ്രിത നിയമന വ്യവസ്ഥയിൽ നിയമിതരായ എൽ.ഡി.ക്ലാർക്കുമാരുടെ റെഗുലറൈസേഷനും പ്രൊബേഷനും

| ചോദ്യം<br>ശ്രീമതി.പി.അയിഷാ പോറ്റി | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| എ) 2012, 2014 വർഷങ്ങളിലെ സർക്കാർ ഉത്തരവുകൾ പ്രകാരം ആശ്രിത നിയമന വ്യവസ്ഥയിൽ സൂപ്പർന്യൂമററി തസ്തികയിൽ നിയമിതരായ എൽ.ഡി.ക്ലാർക്കുമാരുടെ നിയമനം റെഗുലറൈസ് ചെയ്യാൻ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദവിവരങ്ങൾ അറിയിക്കുമോ;<br><br>ബി) നിയമനങ്ങൾ റെഗുലറൈസ് ചെയ്യാത്തതിനാൽ പ്രസ്തുത എൽ.ഡി.ക്ലാർക്കുമാരുടെ പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>സി) പ്രസ്തുത ജീവനക്കാരുടെ പ്രൊബേഷൻ പൂർത്തീകരിക്കാൻ നിലവിലെ സർവ്വീസ് ചട്ടങ്ങളിൽ മാറ്റം വേണമെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ? | (എ), (ബി), (സി)<br><br>ആശ്രിത നിയമന വ്യവസ്ഥയിൽ സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിതരായവരുടെ റെഗുലറൈസേഷൻ സംബന്ധിച്ച് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്ന മുറയ്ക്ക് ആശ്രിത നിയമന വ്യവസ്ഥയിൽ സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിതരായവരുടെ പ്രൊബേഷൻ പൂർത്തീകരിച്ച് പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ